# വലിയവ ചെയ്യുന്ന ദൈവം

## 1 ശമുവേൽ 12:24

**"യഹോവയെ ഭയപ്പെട്ടു പൂർണ്ണഹൃദയത്തോടും പരമാർത്ഥതയോടുംകൂടെ സേവിക്കമാത്രം ചെയ്‌വിൻ; അവൻ നിങ്ങൾക്കു എത്ര വലിയ കാര്യം ചെയ്തിരിക്കുന്നു എന്നു ഓർത്തുകൊൾവിൻ."**

ശൗലിനെ ഔദ്യോഗികമായി രാജാവാക്കുകയും തന്റെ ന്യായാധിപസ്ഥാനത്തു നിന്നു വിടവാങ്ങുകയും ചെയ്തു കൊണ്ടുള്ള ശമുവേലിന്റെ പ്രസംഗത്തിന്റെ ഒടുവിലത്തെ ചില വാക്കുകളാണ് നാം വായിച്ചു കണ്ടത്. ശമുവേൽ ന്യായപാലനം തുടങ്ങിയ കാലഘട്ടത്തിൽ ഫെലിസ്ത്യർ ഇസ്രായേലിനെ വാഴുകയും ഉപദ്രവിക്കുകയും ഒക്കെ ചെയ്യുന്നുണ്ടായിരുന്നു. എന്നാൽ ഒരു സ്ഥിരസൈന്യം ഇല്ലാതിരുന്ന കാലഘട്ടമായിരുന്നിട്ടു കൂടി ശമുവേലിന്റെ ഉപദേശവും ദൈവാലോചനയും അനുസരിച്ചപ്പോൾ ഫെലിസ്ത്യരെ വെല്ലുവിളിക്കാൻ പോന്ന ഒരു ശക്തിയായി ഇസ്രായേൽ തീർന്നു.

സുദീർഘമായ തന്റെ ന്യായപാലന കാലയളവിൽ ദൈവം ചെയ്തതും അതിനും മുമ്പ് അബ്രഹാമിനെ ദൈവം വിളിച്ച കാലം മുതലുള്ള ദൈവത്തിന്റെ പ്രവൃത്തികളെ ഓർമ്മിപ്പിച്ചും കൊണ്ടുള്ള പ്രസംഗത്തിന്റെ ഒടുവിലാണ് ശമുവേൽ ഇപ്രകാരം പറയുന്നത് "ദൈവം നിങ്ങൾക്കു എത്ര വലിയ കാര്യം ചെയ്തിരിക്കുന്നു എന്നു ഓർത്തുകൊള്ളുക, ഈ നല്ല ദൈവത്തെ മടികൂടാതെ പൂർണ്ണ സന്തോഷത്തോടെ സേവിക്കുക" എന്ന്. ഈ അധ്യായം തുടങ്ങുന്നതു മുതൽ ശമുവേൽ ഓർമ്മിപ്പിക്കുന്ന ഓരോ കാര്യവും ഇസ്രായേലിനെ സംബന്ധിച്ച് ദൈവസ്നേഹത്തിന്റെ പ്രതീകങ്ങളാണ്. ആയതിനാൽ അത് മറന്ന് തങ്ങളുടെ പൂർവ്വികർ പലപ്പോഴും, ദൈവസ്നേഹം അറിഞ്ഞ്, അതനുഭവിച്ചിട്ടും, ദൈവത്തിൽ നിന്ന് വഴി തെറ്റിപ്പോയതു പോലെ ഇവരും ആയിപ്പോകരുത് എന്നുള്ള ഒരു മുന്നറിയിപ്പും കൊടുക്കുന്നു. അത് അഭിഷിക്തനായ രാജാവിനും ബാധകമാണെന്ന് പ്രത്യേകം എടുത്തു പറയുന്നുമുണ്ട്. കാരണം അതിന്റെ പരിണിതഫലം ഇസ്രായേലിന്റെ തകർച്ച ആയിരിക്കും എന്ന് ശമുവേൽ ഉറപ്പിച്ചു പറയുന്നു.

പ്രിയരേ, നമ്മുടെ ജീവിതത്തിലേക്ക് നമുക്കൊന്നു തിരിഞ്ഞു നോക്കാം. ദൈവം നമുക്ക് ചെയ്തിട്ടുള്ള നന്മകളെ ഓർത്തിട്ട് ഈ ദൈവത്തെ നമുക്ക് സ്നേഹിക്കാതിരിക്കാൻ ആവുമോ? തകർച്ചകളിൽ നിന്നു നമ്മെ ഉദ്ധരിച്ച, താഴ്ചയിൽ നിന്നുയർത്തിയ ദൈവത്തെ എങ്ങനെ മറക്കാനാകും? പലപ്പോഴും ദൈവസ്നേഹം നമ്മിൽ കുറഞ്ഞു പോകുന്നത്

ദൈവം ചെയ്ത നന്മകളെ നാം മറക്കുന്നതിനാലാണ്. ദൈവം ചെയ്ത നന്മകൾക്ക് എന്തു പകരം നൽകാനുണ്ട്. ആത്മാർത്ഥതയോടെ ദൈവത്തെ ആരാധിക്കാൻ കഴിയുന്നുണ്ടോ? നന്ദിയോടെ ദൈവത്തെ സ്നേഹിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരാമർശം:

സങ്കീർത്തനങ്ങൾ 28:7

യഹോവ എന്റെ ബലവും എന്റെ പരിചയും ആകുന്നു; എന്റെ ഹൃദയം അവങ്കൽ ആശ്രയിച്ചു; എനിക്കു സഹായവും ലഭിച്ചു; അതുകൊണ്ടു എന്റെ ഹൃദയം ഉല്ലസിക്കുന്നു; പാട്ടോടെ ഞാൻ അവനെ സ്തുതിക്കുന്നു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 143